ഷ് മുങ്ങി. ഇത് വിദേശകാര്യ വകുപ്പിൽ നിന്ന് വിവരം ചോർന്ന് കിട്ടിയതുകൊണ്ടാണെന്നും അദേഹഗ ആരോപിച്ചു.

ഇതിൽ വിദേശകാര്യ സഹമന്ത്രി വി.മുരളീധരന്റെ പങ്ക് അന്വേഷിക്കണം. സ്വപ്ന സുരേഷ് തന്നെ തിരുവനന്തപുരത്തെ തന്റെ ഓഫീസിൽ വന്ന് മുമ്പ് കണ്ടിട്ടുണ്ടോയെന്ന് മുരളീധരൻ വ്യക്തമാക്കണം. കേസ്സിൽ മുരളീധരൻ തുടക്കത്തിൽ പാലിച്ച നിശബ്ദത സംശയാസ്പദമാണെന്നുംസലീം മടവൂർ ആവശ്യപ്പെട്ടു.

സംസ്ഥാനത്ത എത്തിയതിന്റെ പിറകിൽ പോലീസിലെ ഉന്നതർക്കു പങ്കുണ്ടെന്ന വിവരം പോലീസിന്റെ യശസിനു കളങ്കവുമാണ്. സർക്കാരിന്റെ ഔദ്യോഗിക മുദ്ര ദുരുപയോഗം ചെയ്തതിനും വ്യാജ സർട്ടിഫിക്കറ്റ് ഉപയോഗിച്ച് തട്ടിപ്പു നടത്തിയതിനെതിരായും ഒരു കേസുപോലും രജിസ്റ്റർ ചെയ്യാതെ കൊച്ചി ഡി.സി.പിയുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചുവെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം പൊതുസമൂഹത്തെ കബളിപ്പിക്കുന്നതിനു വേണ്ടിയാണ്.

സംസ്ഥാനത്തിനാകെ അപമാനമായ ഈ കേസിൽ മുഖ്യമന്ത്രിയുടെ ഓഫീസും ഉൾപ്പെട്ടതിനാൽ നിഷ്പക്ഷമായ അന്വേഷണം നടക്കണമെങ്കിൽ മുഖ്യമന്ത്രി രാജിവെയ്ക്കണമെന്നും ദേവരാജൻ അഭിപ്രായപ്പെട്ടു.

പ്രവേശിച്ചു.

വിഴിഞ്ഞത്ത് ഒരു മേഖലയിൽമാത്രം കേന്ദ്രീകരിച്ച് നടത്തിയ പരിശോധനയിൽ രോഗികളുടെ എണ്ണം വർദ്ധിച്ചതോടെ സമീപ പ്രദേശങ്ങളായ വിഴിഞ്ഞം ഹാർബർ മേഖലയിലും വെങ്ങാനൂരിലും ശ്രവപരിശോധന നടത്തി രോഗം പടരുന്നില്ലെന്നുറപ്പു വരുത്താനുള്ള തയാറടുപ്പുകളുമായി അധികൃതരും രംഗത്തെത്തി. ഇന്നലെയും വിഴിഞ്ഞത്ത് അമ്പത് പേരുടെ സ്രവപരിശോധനയിലാണ് കോട്ടപ്പുറം സ്വദേശികളായ 44 കാരനും ,18 കാരിക്കും 62 കാരിക്കും 26 വെങ്ങാനൂർ വെള്ളം കൊള്ളി സ്വദേശികളായ 39 കാരനും 20 കാരിക്കും 18 കാരിക്കും 44 കാരിക്ക് വിധേയമാക്കാൻ അധികൃതർ പോലീസിന്റെ സഹായം തേടിയിരിക്കുകയാണ്. ഇതിനിടെ ഇന്നലെ രോഗം സ്ഥിരീകരിച്ച രണ്ട് സ്ത്രീകളിൽ ഒരാൾ മുറിവിനും മറ്റൊരാൾ തൊണ്ട വേദനക്കും വിഴിഞ്ഞം

സർക്കാർ ആശുപത്രിയിൽ ചികിത്സ തേടിയിരുന്നുവെന്ന് കണ്ടെത്തിയതോടെ ഇവിടത്തെ രണ്ട് ഡോക്ടർമാരും മറ്റ് ജീവനക്കാരും ക്വാറന്റൈനിൽ പ്രവേശിച്ചു. അതുകൊണ്ടുതന്നെ കൂടുതൽ പരിശോധന നടത്താനും മറ്റ് സ്ഥലങ്ങളിലേക്കും പരിശോധന വ്യാപിപ്പിക്കാനും അധികൃതർ തീരുമാനിച്ചിട്ടുണ്ട്.

ക്കുവാൻ ആവേശം കാണിക്കുന്നവർ ദീർഘനാൾ വീടുകളിൽ കഴിയേണ്ടിവരുന്നവരുടെ പട്ടിണിക്ക് പരിഹാരം കാണാനും ശ്രദ്ധിക്കണം. സ്വർണക്കടത്തു കേസ് വെളിച്ചത്തുവന്നതിനു ശേഷം സർക്കാരിന്റെ പ്രവർത്തനവും കോവിഡ് പ്രതിരോധവും ക്വാറന്റൈനിൽ ആയിരിക്കുകയാണെന്നും നെയ്യാറ്റിൻകര സനൽ പറഞ്ഞു.

ആസ്ഥാന ഓഫീസിലെ അഭിമുഖം മാറ്റിവച്ചു

തിരുവനന്തപുരം: കോർപ്പറേഷൻ പരിധിയിൽ ലോക്ക്ഡൗൺ തുടരുന്ന സാഹചര്യത്തിൽ ജൂലൈ 15 മുതൽ 17 വരെയുള്ള തീയതികളിൽ പി.എസ്.സി. ആസ്ഥാന ഓഫീസിൽ നടത്താൻ തീരുമാനിച്ചിരുന്ന അഭിമുഖം മാറ്റിവച്ചു. മറ്റുജില്ലകളിലെ അഭിമുഖം നിശ്ചയിച്ചു പ്രകാരം നടക്കും.

യുവതിയെയും കുടുംബത്തേയും ആക്രമിച്ച പ്രതികൾ പിടിയിൽ

■ രാഹുൽരാജ്, അനുമോഹൻ

കൊല്ലം: പാരിപ്പള്ളി പോലീസ് സ്റ്റേഷൻ പരിധിയിൽ യുവതിയെയും കുടുംബത്തേയും ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ പ്രതികൾ പോലീസ് പിടിയിൽ.

കഴിഞ്ഞദിവസം വൈകിട്ട് 6.30 ന് കുഴിവേലി കിഴക്കുകരയിൽ വീടിനടുത്തുള്ള കടയിൽ പോകുകയായിരുന്ന യുവതിയെ ബൈക്കിൽ വന്ന പ്രതികൾ മുൻവിരോധത്താൽ അസഭ്യം വിളിക്കുകയും ദേഹത്ത് കടന്നു പിടിക്കുകയുമായിരുന്നു. നിലവിളി കേട്ട് ഓടിയെത്തിയ യുവതിയുടെ സഹോദരനെ കമ്പിവടി കൊണ്ടു വലതു കൈയിൽ അടിക്കുകയും കവിളത്ത് കുത്തി പരുക്കേൽപിക്കുകയും ചെയ്തു. തടസം പിടിക്കാനെത്തിയ യുവതിയുടെ അമ്മയെ അടിവയറ്റിൽ ചവിട്ടി.

ഇതു കണ്ടു തടസം പിടിച്ച യുവതിയുടെ കൈയിൽ കത്തി കൊണ്ടു കുത്തി പരുക്കേൽപ്പിക്കുകയും പ്രതികളിരുവരും ചേർന്ന് യുവതിയുടെ തലയിലും കൈയിലും അടിച്ചു പരുക്കേൽപിച്ചു. സംഭവം കണ്ട് അവിടേക്ക് ഓടി വന്ന യുവതിയുടെ അച്ഛന്റെ തലയിൽ കമ്പി വടികൊണ്ട് അടിച്ചു പരുക്കേൽപ്പിക്കുയും ചെയ്തു.സംഭവത്തിൽ ഒന്നാം പ്രതി നടയ്ക്കൽ അശ്വതി ഭവനത്തിൽ അപ്പൂട്ടി എന്ന് വിളിക്കുന്ന രാഹുൽ രാജ്(23), രണ്ടാം പ്രതിയായ വിളവൂർകോണം ചരുവിള പുത്തൻ വീട്ടിൽ കൊച്ചുണ്ണി എന്നു വിളിക്കുന്ന അനുമോഹൻ(23) എന്നിവരെ പോലീസെത്തി കീഴ്പ്പെടുത്തി അറസ്റ്റ് ചെയ്യുകയായിരുന്നു. പാരിപ്പള്ളി പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർമാരായ നൗഫൽ, ജെയിംസ്, പോലീസുദ്യോഗസ്ഥരായ അജു ഫെർണാണ്ടസ്, ജെയിൻ എന്നിവരാണ് പ്രതികളെ പിടികൂടിയത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

■ ലയൺസ് ക്ലബ് ഡിസ്ട്രിക്ട് 318 എ യുടെയും ലയൺസ് ക്ലബ് ഇന്റർനാഷണൽ ഫൗണ്ടേഷന്റെയും നേതൃത്വത്തിൽ തിരുവനന്തപുരം ജില്ലയിലെ വിവിധ ഹോസ്പിറ്റലുകൾക്കായുള്ള 15 ലക്ഷം രൂപയുടെ കോവിഡ് പ്രതിരോധ കിറ്റുകൾ ലയൺസ് ഡിസ്ട്രിക്ട് ഗവർണർ എ.ജി.രാജേന്ദ്രനിൽ നിന്നും കേരള ഹെൽത്ത് സർവീസസിനായി ഗവ.മെന്റൽ ഹെൽത്ത് സെന്റർ യൂണിറ്റ് ചീഫ് ഡോ.ടി.സാഗർ ഏറ്റുവാങ്ങുന്നു.സിന്ധുദാസ്, കെ.എസ്.ജയൻ, വി.എം.പ്രദീപ്, വി.സുരേഷ് കുമാർ, റെജി ഉമ്മർ, കെ.അജിത് കുമാർ എന്നിവർ സമീപം.

കണ്ടെയിൻമെന്റ് സോണുകളിൽ ജില്ലാകലക്ടർ സന്ദർശിച്ചു

തിരുവനന്തപുരം: കണ്ടെയിൻമെന്റ് സോണുകളായ പൂന്തുറ, ബീമാപള്ളി പ്രദേശങ്ങളിലെ പ്രതിരോധ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തുന്നതിനായി ജില്ലാ കലക്ടർ ഡോ. നവജ്യോത് ഖോസ സന്ദർശനം നടത്തി. പൂന്തുറയിലെ കോവിഡ് ഐസൊലേഷൻ സെന്റർ, ബീമാപള്ളി വി.എം. ആശുപത്രി, പൂന്തുറ സെന്റ് ജോസഫ് ഹയർ സെക്കന്ററി സ്കൂൾ എന്നിവിടങ്ങളിലെ ക്വാറന്റൈൻ സെന്ററുകളിലെ സൗകര്യങ്ങൾ കലക്ടർ വിലയിരുത്തി. പ്രദേശവാസികൾ അമിതമായി ആശങ്കപ്പെടേണ്ട സാഹചര്യം ഇപ്പോഴില്ല. കോവിഡ് സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചായിരുന്നു സന്ദർശനം.

eicl LIMITED
ഇഐസിഎൽ ലിമിറ്റഡ്
CIN: U26939KL1963PLC002039
രജിസ്റ്റേർഡ് ഓഫീസ് : ടി സി – 79/4, വേളി, തിരുവനന്തപുരം,കേരള – 695021,ഇന്ത്യ
കോർപ്പറേറ്റ് ഓഫീസ് :801– 803,5ാം – ബി, ഗ്ലോബൽ ബിസിനസ് പാർക്ക് ,എം.ജി റോഡ്, ഗുർഗാവ് – 122002 ഹരിയാന
Tel : + 91-1242803379 upto 83; Website : www.eicl.in;Email:sect@eicl.in

56 –ാമത് വാർഷിക പൊതുയോഗ മീറ്റിങ് ('AGM')

ഇതിനാൽ നോട്ടീസ് നൽകുന്നതെന്തെന്നാൽ കമ്പനിയുടെ 56-ാമത് വാർഷിക പൊതുയോഗ മീറ്റിങ് 2020 ജൂലൈ 31-ാം തീയതി വെള്ളിയാഴ്ച 11 എ.എം.ന് അംഗങ്ങൾ എല്ലാം ഒരു സ്ഥലത്തു കൂടാതെ വീഡിയോ കോൺഫറൻസ് വഴി (VC)യോ മറ്റ് ഓഡിയോ വിഷ്വൽ മാർഗങ്ങളിലൂടെയോ (ഒഎവിഎം) നടത്തപ്പെടുന്നതാണെന്നും, അത് കമ്പനീസ് ആക്ട്, 2013 (ആക്ട്) വകുപ്പുകളനുസരിച്ചും അതോടൊപ്പം 2020 മെയ് 5 MCA സർക്കുലർ പ്രകാരവും സർക്കുലറുകളായ 2020 ഏപ്രിൽ 8, ഏപ്രിൽ 13 SEBI സർക്കുലർ 2020 മെയ് 12 എന്നിവ പ്രകാരം ബിസിനസ് കാര്യങ്ങൾ വാർഷിക പൊതുയോഗ നോട്ടീസിലൂടെ അറിയിക്കുന്നതിലേക്കുമാണ്.

MCA സർക്കുലറുകൾ,SEBI സർക്കുലറുകൾ പ്രകാരം കമ്പനി 2019-20 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ടും AGM നോട്ടീസും കമ്പനിയുടെ ഷെയർ ഹോൾഡേഴ്സിന് ഇലക്ട്രോണിക്സ് സംവിധാനത്തിലൂടെ കമ്പനിയുമായി രജിസ്റ്റർ ചെയ്തിട്ടുള്ള ഇ-മെയിൽ ഐ.ഡി.യിലൂടെയും. അതില്ലാത്തവർക്ക് തപാൽ വഴിയും നൽകിയിട്ടുണ്ട്. ഈ രേഖകൾ കമ്പനിയുടെ വെബ്സൈറ്റായ www.eicl.inലും ഇ-വോട്ടിങ് വെബ്സൈറ്റായ നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡ് (NSDL) www.evoting.nsdl.com ലും ലഭ്യമാണ്.

കമ്പനീസ് ആക്ട് 2013, സെക്ഷൻ 108-ഉം റൂൾ 20 കമ്പനീസ് (മാനേജ്മെന്റ് ആൻഡ് അഡ്മിനിസ്ട്രേഷൻ) റൂൾസ് 2014 അനുസരിച്ച് പ്രകാരം കമ്പനിയുടെ ഭൗതികമോ അല്ലാത്തതോയായുള്ള 2020 - 24 ജൂലൈ കട്ട് ഓഫ് ഡേറ്റിൽ വരെയുള്ള ഷെയർ ഹോൾഡേഴ്സ് 56-ാമത് വാർഷിക പൊതുയോഗത്തിൽ വോട്ടുകൾ NSDL ഇലക്ട്രോണിക് മീഡിയ വഴി രേഖപ്പെടുത്തുവാൻ പോർട്ടലായ www.evoting.nsdl.com ഉപയോഗപ്പെടുത്തുക. വോട്ടിങ് വിശദാംശങ്ങൾ 56-ാം AGM മീറ്റിങ് നോട്ടീസിൽ വിശദീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അംഗങ്ങളെ കൂടുതലായി ബോധ്യപ്പെടുത്തുന്നതെന്തെന്നാൽ.

(എ) ഇലക്ട്രോണിക് മാധ്യമത്തിലൂടെയുള്ള വിദൂരസ്ഥ ഇ-വോട്ടിങ് 2020 ജൂലൈ 28-ന് രാവിലെ 9 മണി ആരംഭിച്ച് 2020 ജൂലൈ 30-ന് 5 പി.എം.ന് അവസാനിക്കുന്നതുമാണ്.

(ബി) വോട്ടിങിനുള്ള കട്ട്-ഓഫ് തീയതി 2020 ജൂലൈ 24 ആയിരിക്കും.

(സി) നോട്ടീസയച്ചതിനു ശേഷം ഷെയറുകൾ എടുക്കുകയും കമ്പനിയുടെ അംഗങ്ങളാകുകയും ചെയ്തവർ; 2020 ജൂലൈ 24-ലെ കട്ട് ഓഫ് തീയതിയിൽ യോഗ്യരായ ഷെയർ ഹോൾഡേഴ്സ് ലോഗിൻ ഐ.ഡിക്കും പാസ്‌വേർഡിനുമായി ഇ-മെയിൽ ഐ.ഡി.യായ evoting@nsdl.co.in ൽ മിസ്. സോനി സിങുമായി ബന്ധപ്പെടുക.

(ഡി) ഇലക്ട്രോണിക് മാധ്യമത്തിലൂടെയുള്ള റിമോട്ട് ഇ-വോട്ടിങ് 30.7.2020, 5 പി.എം.നു ശേഷം അനുവദിക്കുന്നതല്ല.

(ഇ) VC/OAVM സംവിധാനങ്ങൾ വഴി മീറ്റിങ്ങിൽ പങ്കെടുക്കുകയും പ്രമേയങ്ങളിന്മേൽ ഇ-വോട്ട് ചെയ്യാതിരിക്കുകയും എന്നാൽ വോട്ടിങ്ങിൽ വിലക്കില്ലാതിരിക്കുകയും ചെയ്യുന്നവർ AGMൽ റിമോട്ട് ഇ-വോട്ടിങ് യോഗ്യതയുണ്ടായിരിക്കും. AGM മീറ്റിങ്ങിൽ VC/OAVM സൗകര്യം ഉപയോഗിച്ച് പങ്കെടുക്കുവാനുള്ള നിർദേശങ്ങൾ AGM നോട്ടീസിൽ നൽകിയിട്ടുണ്ട്.

(എഫ്) AGM മീറ്റിങ്ങിനു മുമ്പേ റിമോട്ട് ഇ-വോട്ടിങ് പ്രകാരം വോട്ട് ചെയ്തവർക്ക് AGM മീറ്റിങ്ങിൽ പങ്കെടുക്കാം. പക്ഷേ വീണ്ടും വോട്ട് ചെയ്യാൻ അനുവദിക്കുന്നതല്ല.

(ജി) അംഗങ്ങളുടെ രജിസ്റ്ററിൽ പേരുള്ളവർ നിക്ഷേപകരുടെ ബനിഫിഷ്യൽ ഉടമകളായി അംഗീകരിക്കപ്പെട്ടവർ അതും കട്ട് ഓഫ് ഡേറ്റിൽ നിലവിലുള്ളവർക്കു മാത്രമേ റിമോട്ട് ഇ-വോട്ടിങ്ങിലും AGM മീറ്റിങ്ങിലെ വേളയിലും വോട്ട് ചെയ്യാൻ സാധിക്കുകയുള്ളൂ.

(എച്ച്) റിമോട്ട് ഇ-വോട്ടിങ് സൗകര്യങ്ങളിൽ എന്തെങ്കിലും പരാതികളുണ്ടെങ്കിൽ ഷെയർ ഹോൾഡേഴ്സിന് ബന്ധപ്പെടാൻ നിരന്തരം ഉയരുന്ന ചോദ്യങ്ങൾ (FAQS) സെക്ഷൻ/ഇ-വോട്ടിങ് യൂസർ മാനുവൽ ലഭ്യമായ www.evoting.nsdl.comലോ, ടോൾഫ്രീ നമ്പറായ 1800-222-990 ബന്ധപ്പെടുകയോevoting@nsdl.co.inൽ അപേക്ഷിക്കുകയോ ചെയ്യാവുന്നതാണ്.

ഇ-മെയിൽ അഡ്രസോ മൊബൈൽ നമ്പറോ ഉപയോഗിച്ച് രജിസ്റ്റർ ചെയ്യാത്ത അംഗങ്ങൾ താല്ക്കാലികമായി കമ്പനിയുമായി രജിസ്റ്റർ ചെയ്യാൻ ഇ-മെയിൽ ID sect@eicl.in ഉപയോഗിച്ച് ആനുവൽ റിപ്പോർട്ടിന്റെ കോപ്പികൾ 2020 സാമ്പത്തിക വർഷത്തെയും 56-ാം AGM നോട്ടീസും കൈപ്പറ്റി റിമോട്ട് ഇ-വോട്ടിങ്, AGM മീറ്റിങ്ങിൽ പങ്കെടുക്കുവാനുള്ള വിശദമായ നിർദേശങ്ങൾ, VC/OAVM വിശദാംശങ്ങൾ നേടുക.

ഇ ഐ സി എൽ ലിമിറ്റഡിനു വേണ്ടി
(ഒപ്പ്) ശാലിനി ചൗള
കമ്പനി സെക്രട്ടറി

തീയതി : 13.07.2020
സ്ഥലം : ഗുരുഗ്രാം

മംഗളം
വീട്ടിലിരുന്നും പരസ്യം നൽകാം
മംഗളം ദിനപത്രത്തിൽ ജന്മദിനം , ചരമം, നഷ്ടപ്പെട്ടു, അറിയിപ്പ് തുടങ്ങിയ ക്ലാസിഫൈഡ് പരസ്യങ്ങൾ നൽകുന്നതിന് വിളിക്കുക.
MOB : 81290 69569
email : advtmangalam@gmail.com

സന്ധി മാറ്റിവയ്ക്കൽ നിങ്ങളെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരുന്നു
SUT PATTOM Super Specialty Hospital
ഞങ്ങളുടെ മികവുറ്റ വിദഗ്ധർ നിങ്ങൾക്ക് കാര്യങ്ങൾ എളുപ്പമാക്കുന്നു
ഡിപ്പാർട്ട്മെന്റ് ഓഫ് ഓർത്തോപീഡിക്സ്
വിളിക്കൂ 0471 4077 777

Your health emergency call will be met with SPEEDY HELP from a doctor at your doorstep.
SK HOSPITAL
9645611118
HEAL ON WHEEL
Edappazhanji, Thiruvananthapuram
Ph: 0471- 2944444, 3022222
E: skhospitals@gmail.com
www.skhospitals.com

MANNS MARGIN FREE MARKET
MEHRA BUILDING, MARKET ROAD, SREEKARYAM, Ph : 0471 - 2595777
വിലക്കുറവിലും ഗുണമേന്മയിലും ജനപ്രിയ സ്ഥാപനം

ചില അത്യാവശ്യ സാധനങ്ങളുടെ ഇന്നത്തെ വില				
	സവാള	Rs 19	പഞ്ചസാര	Rs 42
	ഉരുളക്കിഴങ്ങ്	Rs 38	ചെറിയ ഉള്ളി	Rs 49
	മുട്ട	Rs 3.80	ഉഴുന്ന്	Rs 120

എല്ലാ സാധനങ്ങളും ഗൃഹോപകരണങ്ങളും എല്ലായിടത്തേക്കാളും വിലക്കുറവിൽ